# ബേക്കർ മെമ്മോറിയൽ എൽ.പി. സ്കൂൾ
# കോട്ടയം

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 – 26

**നേട്ടങ്ങൾ**

- കോട്ടയം ഈസ്റ്റ് ഉപജില്ലയിലെ ശാസ്ത്രമേളയിലും കലോത്സവത്തിലും 2011-12, 2012-13, 2013-14, 2014-15, 2015-16, 2019-20, 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിൽ ബേക്കർ മെമ്മോറിയൽ എൽ.പി. സ്കൂൾ ഓവർ ഓൾ ചാമ്പ്യൻഷിപ്പും unaided വിഭാഗം best school award ഉം നേടിയിട്ടുണ്ട്.
- മലയാള മനോരമ നടത്തുന്ന നല്ലപാഠം പദ്ധതിയിൽ തുടർച്ചയായി A grade ഉം 2024-25 വർഷം A+ ഉം Cash award ഉം കരസ്ഥമാക്കിയിട്ടുണ്ട്.
- 2017 മുതൽ തുടർച്ചയായി LSS പരീക്ഷയിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും ഉന്നത വിജയം നേടുകയും ചെയ്തിട്ടുണ്ട്.
- 2024-25 ൽ ബേക്കർ മെമ്മോറിയൽ ഹൈസ്കൂളിൽവച്ച് നടത്തിയ Miss Baker's Mastermind Par Excellence Scholarship പരീക്ഷയിൽ Ever rolling trophy കരസ്ഥമാക്കി.
- അറിവിന്റെ പ്രകാശം പകർന്ന് നന്മയുടെയും കാരുണ്യത്തിന്റെയും വഴികൾ കാട്ടിക്കൊടുത്ത് ഈ കലാലയത്തിലെ കുട്ടികൾക്ക് പുത്തൻ അവബോധം സൃഷ്ടിച്ചുകൊണ്ട് കൈപിടിച്ച് നടത്തുവാൻ നാളിതുവരെ ഈ വിദ്യാലയ മുത്തശ്ശിക്ക് സാധിച്ചു എന്ന് ഏറെ സന്തോഷത്തോടും അഭിമാനത്തോടുംകൂടി പ്രസ്താവിക്കട്ടെ.

# അവസ്ഥാ വിശകലനം

## എ. കുട്ടികളുടെ എണ്ണം

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം

| ക്ലാസ്സ് | I | | II | | III | | IV | | Total | | Remarks | Pre primary | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | | LKG | | UKG | |
| | | | | | | | | | | | | B | G | B | G |
| കുട്ടികളുടെ എണ്ണം | 27 | 43 | 39 | 59 | 33 | 45 | 18 | 39 | 117 | 186 | ഈ വർഷം ഒന്നാം ക്ലാസ്സിൽ കുട്ടികൾ കൂടുതലായി വന്നു ചേർന്നു | | | | |
| ആകെ | 70 | | 98 | | 78 | | 57 | | 303 | | | 45 | | 49 | |

കുട്ടികളുടെ മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കിയതും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയതും കുട്ടികളെ മികവിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതും കുട്ടികളുടെ ക്രമാനുഗതമായ വർദ്ധനവിന് കാരണമാകുന്നുണ്ട്.

## വിദ്യാലയത്തിന്റെ ശക്തി

1. ഗ്രന്ഥശാല
2. വിവിധ ക്ലബ്ബുകൾ
3. പാഠ്യേതര പ്രവർത്തന പഠനം
4. കായിക വിനോദം
5. സാന്മാർഗ്ഗിക പഠനം
6. അർപ്പണ മനോഭാവമുള്ള അദ്ധ്യാപകർ
7. പിന്തുണ നൽകുന്ന രക്ഷിതാക്കൾ
8. സ്കൂളിലെ സ്നേഹിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾ, അദ്ധ്യാപകർ
9. മികച്ച പഠനാന്തരീക്ഷം
10. മനോഹരമായ സ്കൂൾ പരിസരം
11. കമ്പ്യൂട്ടർ ലാബ്

## സാധ്യതകൾ

1. പി.റ്റി.എ. യുടെയും സ്കൂൾ മാനേജ്മെന്ഡറിന്റെയും ഇടപെടൽ സ്കൂൾ ഉന്നമനത്തിന് മുതൽക്കൂട്ടാണ്.
2. പൂർവ്വ വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം
3. സന്നദ്ധ സംഘടനകളുടെ പിന്തുണ

# വിദ്യാലയത്തിന്റെ ദർശനം

- അച്ചടക്കം
- പഠനം
- സേവനം

എല്ലാ വിദ്യാർത്ഥികളുടെയും സമഗ്ര വളർച്ചയ്ക്കുതകുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന മികവിന്റെ കേന്ദ്രം.

**പൊതുലക്ഷ്യങ്ങൾ**

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കാനുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ പൗരന്മാരെ വളർത്തിയെടുക്കുക
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
4. ഓരോ ഘട്ടത്തിലും കുട്ടി ആർജ്ജിച്ചെടുക്കേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കളടക്കമുള്ള പൊതുസമൂഹത്തെ അറിയിക്കും
5. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും തുല്യതയുടെ അനുഭവങ്ങളൊരുക്കും.
6. പ്ലാസ്റ്റിക് രഹിത ഹരിത വിദ്യാലയ ക്യാമ്പസാക്കി സ്കൂളിനെ മാറ്റുക
7. കുട്ടികൾക്ക് കൃഷിയോടുള്ള താല്പര്യം വളർത്തി എടുക്കുന്നു.

# മലയാളം

1. **മാതൃഭാഷയിൽ പ്രാവീണ്യം നേടുക**

   ശരിയായ വായന, എഴുത്ത്, സംസാരശേഷി ഇവ വളർത്തുക

2. **മറ്റു വിഷയങ്ങൾ പഠിക്കാൻ അടിസ്ഥാനമൊരുക്കുക**

   മാതൃഭാഷയിൽ ഉള്ള പഠനം കുട്ടികളെ മറ്റു വിഷയങ്ങളിലും മികച്ചവരാക്കുന്നു.

3. **അറിവും ചിന്താശേഷിയും വികസിപ്പിക്കുക**

   ഭാഷാപഠനത്തിലൂടെ നിരീക്ഷണപാഠവം, സൃഷ്ടിപരമായ ചിന്തകൾ എന്നിവ വളർത്തുന്നു.

4. **സാഹിത്യ കലാസ്വാദനശേഷി വളർത്തുക**

   കഥ, കവിത, നാടകം, കലാരൂപങ്ങൾ ആസ്വദിക്കാൻ കഴിവു നേടുക

5. **ഭാഷാശേഷി വികസിപ്പിക്കുക**

   ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തി ഭാഷാശേഷി വികസിപ്പിക്കുന്നു.

# പ്രവർത്തനം

# പഠനോജ്ജ്വല പരിപാടി - മലയാളത്തനിമ

**ഉദ്ദേശങ്ങൾ**

1. **വായനയിലെ ആദ്യപടികൾ**

   അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിഞ്ഞുകൊണ്ട് ലഘുപദങ്ങൾ വായിക്കാൻ തുടങ്ങുക.

2. **ആശയവിനിമയം**

   സാധാരണ ദിനചര്യയിൽ ഉപയോഗിക്കുന്ന മലയാള വാക്കുകളും വാചകങ്ങളും സംസാരത്തിലൂടെ മെച്ചപ്പെടുത്തുന്നു.

## എഴുത്തുപരിചയം

വൃത്തിയോടും വെടിപ്പോടുംകൂടി വാക്യങ്ങൾ എഴുതാൻ പരിശീലനം നൽകുന്നു.

## ഭാഷാപരിചയം

കുട്ടികൾക്ക് മലയാള അക്ഷരങ്ങളും ശബ്ദങ്ങളും തിരിച്ചറിയാൻ സഹായിക്കുന്നു.

## വായന പരിപോഷണം

ലഘു ഥകൾ, കവിതകൾ, യാത്രാവിവരണം എന്നിവയിലൂടെ വായന പരിപോഷിപ്പിക്കുന്നതിനൊപ്പം ഇവയെ അടിസ്ഥാനമാക്കി അവർക്ക് പറയാൻ സാധിക്കുന്നതും അവയിൽനിന്ന് ചോദ്യങ്ങൾ ചോദിക്കുന്നതിനുമായുള്ള അവസരം നൽകുന്നു.

## മലയാളം

| പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|
| **പ്രവർത്തനരീതി**<br>വാക്കാലുള്ള (oral) പഠനത്തിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. ഇതിനു പുറമെ ചിത്രങ്ങളിലൂടെയും പാട്ടിലൂടെയും പുതിയ പദങ്ങള്ഡ കണ്ടെത്തുന്നതിന് കുട്ടികളെ സഹായിക്കുന്നു.<br>സംഭാഷണ കളികൾ - താളക്കവിതകൾ, അക്ഷരക്കാർഡുകൾ, ഫ്ളാഷ് കാർഡുകൾ എന്നിവ കാണിച്ച് അക്ഷരങ്ങളും വാക്കുകളും തിരിച്ചറിയുന്നു.<br>കുട്ടികൾക്കു വായിക്കാൻ അവസരം നൽകുകയും അധ്യാപകർ വിലയിരുത്തുകയപമ ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എല്ലാ ക്ലാസ്സ് അദ്ധ്യാപകർക്കും |

## ചുവർപത്രിക

കുട്ടികളുടെ സൃഷ്ടിപ്രതിഭ വളർത്തുക

കൂട്ടായ്മയും പങ്കാളിത്തവും വളർത്തുക

എഴുത്ത്, ചിത്രരചന അവതരണം തുടങ്ങിയ കഴിവുകൾ പരിശീലിപ്പിക്കുന്നതിന്.

### പ്രവർത്തനങ്ങൾ / പ്രവർത്തനരീതി

| | |
|---|---|
| എല്ലാ കുട്ടികളുടെയും കൂട്ടായ പ്രവർത്തനം ഉൾപ്പെടുത്തി ക്ലാസ്സ്തല പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന രചനകൾ മാതൃഭാഷാ ദിനമായ ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കുന്നു. വിദ്യാർത്ഥികളിൽനിന്ന് ലഭിക്കുന്ന കഥ, കവിത, അനുഭവക്കുറിപ്പ്, കാർട്ടൂൺ, ചിത്രരചന എന്നിവ ശേഖരിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ |

# English

## Aim

1. To improve vocabulary and grammar
2. To enhance reading comprehension skills
3. To develop effective writing and speaking abilities
4. To improve English language through role play and poem reciting.

**1. പ്രവർത്തനം – English reading**

ഉദ്ദേശം - വായിച്ചത് മനസ്സിലാക്കാനുള്ള കഴിവ് മെച്ചപ്പെടുത്തജശ

| പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|
| ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി<br>ഓരോ ആഴ്ച്ചയിലും ഓരോ ക്ലാസ്സ് എന്ന രീതിയിൽ | ജൂൺ – മാർച്ച് | അദ്ധ്യാപകർ |

2. Speak out fest - Activity

Aims - To develop student's public speaking skills

To overcome stage fear and build self esteem.

| Activities | Duration | Responsibility |
|---|---|---|
| • Thought for the day<br>• Story telling<br>• Role play<br>• Poetry recitation<br>• Speech | Once in a month | Teachers |

3. Activity English express

Aims To improve different skills in each student

To enhance student's confidence in using English in real life situations

| Activities | Duration | Responsibility |
|---|---|---|
| • Debate<br>• Word games<br>• Skit<br>• Story telling<br>• Speech | Once in a month | Teachers |

4. Activity Role play

Aims To develop speaking and communication skills

To enhance creativity and imaginations

| Activities | Duration | Responsibility |
|---|---|---|
| ടീച്ചർമാരുടെ സഹായത്തോടെ ഒന്നുമുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ ഇംഗ്ലീഷ് പുസ്തകത്തിലെ കഥകൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചേഴ്സ് |

5. Word bee contest - Activity

Aims - To develop concentration and listening skills

To develop vocabulary learning fun and interesting.

| Activities | Duration | Responsibility |
|---|---|---|
| • Spelling test<br>• Jumbled word sound<br>• Guess the word<br>• Pronounce the word | Once in a month | Teachers |

6. Reading library book - Activity

Aims - To develop language skills

To develop regular reading habits

| Activities | Duration | Responsibility |
|---|---|---|
| • Reading circle<br>• Read and share<br>• Book review writing | Once in a month | Teachers |

# ഗണിതം

പ്രവർത്തനം ഗണിതം മധുരം ഗണിതാമൃതം

ഉദ്ദേശ്യങ്ങൾ കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ

ചിന്താശേഷിയും പ്രശ്ന പരിഹാരശേഷിയും വളർത്തജശ

അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം കുട്ടികൾക്ക് ഉറപ്പാക്കുക

എണ്ണങ്ങൾ, അളവുകൾ, സമയം, പണം എന്നിവ ശരിയായി കൈകാര്യം ചെയ്യുക.

പാറ്റേണുകൾ - സംഖ്യകളുടെ പ്രത്യേകതകൾ മനസ്സിലാക്കജശ

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത ലാബ് | • അളവുപാത്രങ്ങൾ<br>• തടിയിൽ നിർമ്മിച്ച ജ്യാമിതീയ രൂപങ്ങൾ<br>• മാലകോർക്കൽ<br>• നമ്പർ കാർഡുകൾ<br>• 2,5,10 ഈർക്കിൽ കെട്ടുകൾ | ദീർഘ കാലം | ഗണിതക്ലാസ്സ് |
| ഗണിതമേള | • ഗണിത പസ്സിൽ, സംഖ്യാശ്രേണി, പഠന ഉൽപ്പന്നങ്ങൾ, പോസ്റ്റർ, ചാർട്ട്, മോഡൽ | | ഗണിതക്ലാസ്സ് |
| ദിനാചരണം | • ഗണിതശ്സ്ത്ര ദിനം<br>• രാമാനുജ ദിനാചരണം | | ക്ലബ്ബ് |
| ഗണിത മാഗസിൻ | • രൂപങ്ങൾ, പസ്സിൽ, കണക്കിലെ കളികൾ, കുസൃതി ചോദ്യങ്ങൾ, ജ്യാമിതീയ | | ക്ലാസ്സ് ടീച്ചേഴ്സ് |

| | | | |
|---|---|---|---|
| | രൂപങ്ങൾ, സുഡോക്കു സംഖ്യാശ്രേണി | | |
| ഗണിത കളികൾ | • കമ്പ്യൂട്ടർ ഗണിത കളികൾ<br>• കമ്പ്യൂട്ടറിൽ ഗണിതരൂപങ്ങൾ വരക്കുക<br>• നിറം കൊടുക്കുക | | ക്ലാസ്സ് ടീച്ചേഴ്സ് |
| ഗണിത ബോർഡ് | • ഗണിത ബോർഡ് നിർമ്മാണം<br>• സ്ഥാനവില തിരിച്ചറിയൽ<br>• രൂപങ്ങൾ, ഭിന്നങ്ങൾ, പാറ്റേണുകൾ | | ക്ലാസ്സ് ടീച്ചേഴ്സ് |
| ഗണിത ക്വിസ്സ് | • ആഴ്ച്ചയിലൊരിക്കൽ ഗണിത ക്വിസ്സ് | | ക്ലബ്ബ് |

# പരിസര പഠനം

## ലക്ഷ്യങ്ങൾ

1. പ്രകൃതിയെയും ചുറ്റുപാടുകളെയും കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുക
2. പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുക
3. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് അറിയാനും അവയെ നേരിടാനും പഠിപ്പിക്കുക
4. പ്രകൃതിയെ സ്നേഹിക്കാനും ബഹുമാനിക്കാനും പഠിപ്പിക്കുക
5. ശുചിത്വബോധമുള്ള തലമുറയെ വാർത്തെടുക്കുക
6. ശാസ്ത്രബോധം വളർത്തുക

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | ഉദ്യാനം, പച്ചക്കറിത്തോട്ടം ഒരുക്കൽ, പരിസ്ഥിതി ബോധവത്ക്കരണം | ജൂൺ | SRG |
| ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം, നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള രുചി അറിവും പാചകവും<br>പഴവർഗ്ഗങ്ങളുടെ പ്രദർശനം<br>പഴവർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള വിവിധ വിഭവങ്ങളുടെ പ്രദർശനം | ജൂലേ | SRG |
| ശാസ്ത്ര പയനത്തിൽ താൽപര്യം ജനിപ്പിക്കൽ | പ്ലാനറ്റോറിയം പ്രദർശനം സംഘടിപ്പിക്കൽ | ജൂലൈ | ശാസ്ത്രക്ലബ്ബ് |

| | | | |
|---|---|---|---|
| പ്രകൃതിവിഭവ സംരക്ഷണം | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം | ജൂൺ – മാർച്ച് | ശാസ്ത്ര ക്ലബ്ബ് |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ ബോധവത്ക്കരണ ക്ലാസ്സുകൾ | സെപ്റ്റംബർ | SRG |
| ശാസ്ത്രാവബോധം വളർത്തുക | ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചേഴ്സ് |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ചിത്രപ്രദർശനം | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | പതിപ്പ്, ചാർട്ട്, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG |
| നിരീക്ഷണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM |